

# ഇ.എം.എസ്സും യുക്തിവാദവും

**പവനൻ**

**സി.** പി. ഐ. (എം) കേരള സംസ്ഥാനകമ്മററിയുടെ താത്വിക മുഖവാരികയായ ചിന്തയിൽ തുടർച്ചയായി പ്രസിദ്ധീകരിച്ചുവരുന്ന ഏററവും ശ്രദ്ധേയമായ പംക്തിയാണ് 'ചോദ്യങ്ങൾക്കു മറുപടി'. ചോദ്യങ്ങൾക്ക് മറുപടി പറയുന്ന ആൾ ഇ. എം. എസ്. നമ്പൂതിരിപ്പാടായതുകൊണ്ട് ഈ പംക്തിയുടെ പ്രാധാന്യവും ആധികാരികതയും പൊതുവെ അംഗീകരിക്കപ്പെടുന്നുമുണ്ട്. ഈ പംക്തിയിൽ കഴിഞ്ഞ ഒരു വർഷക്കാലത്തിലധികമായി ആവർത്തിച്ചുന്നയിച്ചുവരുന്ന ഒന്ന് സി. പി. ഐ. (എം) യുക്തിവാദപ്രസ്ഥാനത്തിൻെറ നേരേയും യുക്തിവാദികളുടെ നേരേയും എടുക്കുന്ന നിലപാടിനെപ്പററിയുള്ളതാണ്. മാർക്സിസ്റ്റ് പാർടിയിലെ പ്രവർത്തകന്മാർക്കുതന്നെ ഇക്കാര്യത്തിൽ ഒട്ടേറെ സംശയങ്ങളുള്ളതായിക്കാണുന്നതു കൊണ്ടായിരിക്കണം. മാർക്സ്, ഏംഗൽസ്, ലെനിൻ എന്നിവരെ അടിക്കടി ഉദ്ധരിച്ചുകൊണ്ട് ആത്മീയവാദം, ഭൗതികവാദം, യാന്ത്രിക ഭൗതികവാദം, ചരിത്രപരമായ വൈരുദ്ധ്യാത്മക ഭൗതികവാദം തുടങ്ങിയവയെപ്പററി സ: ഇ. എം. എസ്. സുദീർഘങ്ങളും സാരസ്പർശികളുമായ മറുപടികൾ പറഞ്ഞുകൊണ്ടിരിക്കുന്നതു്. മാത്രമല്ല, 'ചോദ്യോത്തരങ്ങൾ' ചിന്താ പ്രസിദ്ധീകരണശാലക്കാർ പുറത്തു കൊണ്ടുവന്ന ഇ. എം. എസ്സിൻെറ ലഘുലേഖയിൽ ഒന്ന് (1978 ആഗസ്റ്റിൽ 7—ാംനമ്പർ) ഈ വിഷയത്തെക്കുറിച്ചുള്ളതുമായിരുന്നു. എന്നിരുന്നാലും സംശയങ്ങൾ അവസാനിക്കുന്നില്ല; ഉത്തരങ്ങളും. ഏററവും ഒടുവിൽ 1983 ജൂലായി 8ൻെറയും 29ൻെറയും 'ചിന്ത' യിൽ ഇതേ പ്രശ്നത്തെപ്പററിയുള്ള ചോദ്യങ്ങളും ആവർത്തനവിരസങ്ങളായ ഉത്തരങ്ങളും തുടരുന്നതായിക്കാണാം. അവയെ ഉള്ളിൽ വെച്ചുകൊണ്ടാണ് ഈ പ്രകരണം ഞാൻ തയ്യാറാക്കുന്നതു്.

## ചോദ്യങ്ങൾ എന്തുകൊണ്ട്?

എന്തുകൊണ്ടാണ് ഇത്തരം ചോദ്യങ്ങൾ മാർക്സിസ്റ്റ് അണികളിൽനിന്ന് ആവർത്തിച്ച് ഉന്നയിക്കപ്പെടുന്നതെന്ന് സ: നമ്പൂതിരിപ്പാട് ആലോചിച്ചിട്ടുണ്ടോ എന്ന് അറിയുകയില്ല. ഇന്ത്യയിലെ മററു സംസ്ഥാനങ്ങളെ അപേക്ഷിച്ച് കൂടുതൽ സംഘടിതവും കൂടുതൽ സജീവവും കൂടുതൽ വ്യാപകവുമായ അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന ഒരു യുക്തിവാദി പ്രസ്ഥാനമാണ് കേരളത്തിലുള്ളതു്. നിർമതത്വവും നിരീശ്വരത്വവും മാത്രമല്ല ഈ പ്രസ്ഥാനത്തിനു് കൈമുതലായിട്ടുള്ളതു്. അന്ധവിശ്വാസങ്ങൾക്കും അനാചാരങ്ങൾക്കും എതിരായ നിരന്തര സമരം അത് നടത്തുന്നുണ്ട്. മതനിരപേക്ഷത എന്ന തത്വം ഉയർത്തിപ്പിടിക്കുന്നതിന് ഗ്രാമഗ്രാമാന്തരങ്ങളിൽ അത് പ്രചരണം നടത്തിക്കൊണ്ടിരിക്കുന്നു. സാമൂഹ്യപരിഷ്കരണ പ്രസ്ഥാനങ്ങളിലും മനുഷ്യത്വപരമായ പ്രവർത്തനങ്ങളിലും അത് മുൻനില്ക്കുന്നുണ്ട്. ഹരിജന മർദനത്തിനെതിരായ പ്രകടനങ്ങളും സമരങ്ങളും ഒററക്കും സമാനസ്വഭാവമുള്ള മററു സംഘടനകളുമായി കൂട്ടുചേർന്നും അത് നടത്തിയിട്ടുണ്ട്. ഗുരുവായൂരമ്പലത്തിലെ ശ്രീകോവിൽ സ്വർണം പൂശുന്നതിനെതിരായി ധർണ നടത്തിയിട്ടുണ്ട്. മകര ജ്യോതിസ്സ് ഒരു തട്ടിപ്പാണെന്ന് ജനങ്ങളെ ബോദ്ധ്യപ്പെടുത്തുവാൻ അതിനു് കഴിഞ്ഞു. ജനങ്ങളുടെ ശാസ്ത്രമനോഭാവവും സത്യാന്വേഷണ കൗതുകവും വർധിപ്പിക്കുവാൻ സഹായിക്കുന്ന ചർച്ചകളും പൊതുയോഗങ്ങളും അത് കേരളത്തിൻെറ നാനാഭാഗങ്ങളിലും സംഘടിപ്പിക്കുന്നുണ്ട്. യുക്തിവാദി സംഘം പുറപ്പെടുവിച്ച 'യുക്തിദർശനം' എന്ന 607 പേജ് വലുപ്പംവരുന്ന ബൃഹത്ഗ്രന്ഥത്തിൻെറ 2000—ത്തിൽ പരം കോപ്പി വിററഴിഞ്ഞിട്ടുണ്ട്. യുക്തിവാദിസംഘവും ബന്ധപ്പെട്ട മററു സ്ഥാപനങ്ങളും സുഹൃത്തുക്കളും പുറത്തുകൊണ്ടുവരുന്ന മററു പുസ്തകങ്ങളും ലഘുലേഖകളും മററും പതിനായിരക്കണക്കിൽ കോപ്പി വിററഴിയുന്നുണ്ട്.

ഈ വക പ്രവർത്തനങ്ങളൊക്കെ ഏത്താനും 'ബൂർഷ്വാ യുക്തിവാദികളുടെ' മസ്തിഷ്ക വ്യായാമമാണെന്നും യുക്തിവാദികളൊക്കെ ആശയവാദികളാണെന്നും കരുതാത്തവർ കേരളത്തിലെ ബുദ്ധിജീവികളുടെ ഇടയിൽ മാത്രമല്ല, പുരോഗമന പ്രസ്ഥാനങ്ങളിൽ പൊതുവെയും തൊഴിലാളിവർഗ പ്രസ്ഥാനങ്ങളിൽ പ്രത്യേകിച്ചുമുണ്ട്. സി. പി. ഐ. യിലും സി. പി. ഐ. (എം)ലും സി. പി. ഐ. (എം. എൽ.)ലും പെടുന്ന അനേകം ത്യാഗധനരായ പ്രവർത്തകന്മാർ യുക്തിവാദി സംഘത്തിൽ ഔദ്യോഗികമായിത്തന്നെ സജീവ പങ്കാളിത്തം വഹിക്കുന്നുണ്ട്. ഈ പാർടികൾ ഔദ്യോഗികമായി ഈ വസ്തുത അംഗീകരിച്ചിട്ടുണ്ടോ എന്ന് അറിഞ്ഞുകൂട. ഇതും പാർടി പ്രവർത്തനത്തിൻെറ ഭാഗമാണെന്ന് അവർ പൊതുവെ അംഗീകരിച്ചതായി കാണുന്നില്ല എന്നത് ഒരു സത്യമാണ്. വർഗസംഘടനകളും ബഹുജന പ്രസ്ഥാനങ്ങളും കെട്ടിപ്പടുക്കുന്നതുപോലെ തന്നെ പ്രധാനപ്പെട്ട കാര്യമാണ് ഈ സംഘടനകളിൽ പണിയെടുക്കുന്നവരുടെ ബോധനിലവാരം ഉയർത്തുക എന്നതും എന്ന വസ്തുത താത്വികമായി അംഗീകരിക്കപ്പെട്ടിട്ടുണ്ടെങ്കിലും മതം, ജാതി മുതലായവയുടെ അടുത്തുവരുമ്പോൾ രാഷ്ട്രീയമായ ചില പരിഗണനകൾ കാരണം അറച്ചുനിൽക്കുന്ന സമ്പ്രദായമുണ്ട്. സ്വാതന്ത്ര്യസമരക്കാലത്ത് രാഷ്ട്രീയകക്ഷികൾ സാമൂഹ്യപരിഷ്കരണ പ്രവർത്തനത്തിനു് വളരെയേറെ പ്രാധാന്യം കൊടുത്തിരുന്നു. ഇന്ന് ആ പ്രവർത്തനരംഗം മിക്കവാറും അവഗണിക്കപ്പെട്ടിരിക്കുന്നു. പാർലമെണ്ടറി ജനാധിപത്യ സമ്പ്രദായത്തിൽ വോട്ട് കൂടുതൽ വാങ്ങി അധികാരത്തിൽ വരുന്നതാണ് പ്രധാനപ്പെട്ട കാര്യം എന്ന് ബൂർഷ്വാ പാർടികൾ കരുതുന്നു. എങ്ങനെയും വോട്ടുവാങ്ങുക; എങ്ങനെയും അധികാരത്തിൽ വരിക; അധികാരത്തിൽ വന്നുകഴിഞ്ഞാൽ ഈ വോട്ട് ബേങ്കുകൾ നടത്തുന്ന നിക്ഷിപ്ത താല്പര്യക്കാരെ പിണക്കാതിരിക്കുക; അതിനുവേണ്ടി പ്രത്യയശാസ്ത്ര തത്വങ്ങളെ ബലികഴിച്ചും അന്നന്ന് ജനത്തിനു തയ്യാറാകുക; ജാതി—മതശക്തികളെ പ്രീണിപ്പിക്കുക—ഇതൊക്കെ ഇന്ത്യയിൽ പൊതുവേയും കേരളത്തിൽ പ്രത്യേകിച്ചും പാർലമെൻററി ജനാധിപത്യത്തിൻെറ ഭാഗമായിത്തീർന്നിരിക്കുന്നു. കമ്യൂണിസ്റ്റ് പ്രസ്ഥാനത്തെയും ഈ രോഗം ഒരതിരുവരെ ബാധിച്ചിട്ടുണ്ടെന്നു കരുതുന്ന ആത്മാർഥതയുള്ള കമ്യൂണിസ്റ്റുകാരുടെ എണ്ണം കേരളത്തിൽ ഒട്ടും കുറവല്ല എന്നു ഇ. എം. എസ്സും മനസ്സിലാക്കിക്കാണുമെന്ന് കരുതുന്നു. യഥാർഥത്തിൽ ഈ സാഹചര്യം ബോധപൂർവം ചിന്തിക്കുന്ന അനേകം മാർക്സി

സ്റ്റ്—കമ്യൂണിസ്റ്റ്പ്രവർത്തകരെ ചിന്തയിൽ ആവർത്തിച്ചുകാണുന്ന തരത്തിൽ യുക്തിവാദത്തേയും മാർക്സിസ്റ്റ്പാർട്ടിയേയും ബന്ധിപ്പിച്ചുകൊണ്ടുള്ള ചോദ്യങ്ങളുന്നയിക്കാൻ പ്രേരിപ്പിക്കുന്നു. ഏറെനാൾ പയററി മെയ്‌വഴക്കംവന്ന ഒരഭ്യാസിയെപ്പോലെ, സഖാവ് ഇ. എം. എസ്. സ്വന്തം സഖാക്കളുന്നയിക്കുന്ന ഈ ചോദ്യങ്ങളുടെ കാതലായ ഭാഗങ്ങളിൽനിന്നു പലപ്പോഴും ഒഴിഞ്ഞുമാറുന്നുണ്ടെങ്കിലും ചോദ്യങ്ങൾ അദ്ദേഹത്തെ പിന്തുടരുകതന്നെചെയ്യുന്നു.

## സാഹചര്യത്തിന്നെതിരായ സമരമെന്നാൽ

മതത്തിന്നെതിരായ സമരം അതുണ്ടാക്കിയ സാഹചര്യത്തിന്നെതിരായ സമരമാണെന്ന മാർക്സിൻെറ സമവാക്യത്തെ വ്യാഖ്യാനിക്കുന്നതിലുമുണ്ട് അഭിപ്രായവ്യത്യാസം. മതമുണ്ടായ സാഹചര്യം എന്താണെന്ന് സ: നമ്പൂതിരിപ്പാടുതന്നെ പല ലേഖനങ്ങളിലും സവിസ്തരമായി പ്രതിപാദിച്ചിട്ടുണ്ട്. ഇന്നു ആ സാഹചര്യങ്ങളിൽ മാററമുണ്ടായിട്ടുണ്ട് എന്നു അദ്ദേഹവും സമ്മതിക്കുന്നുണ്ട്. പ്രകൃതിനിയമങ്ങളെക്കുറിച്ചുള്ള മനുഷ്യൻെറ അറിവു വളരെയേറെ വർധിച്ചിരിക്കുന്നു. അതിൻെറ ഫലമായി ചത്തുനൂററാണ്ടുകളുടെ ശവംപേറുന്ന മതശക്തികൾ തങ്ങളുടെ അടവും തന്ത്രവുമൊക്കെ മാററിയ കാര്യം നാം ശ്രദ്ധിക്കേണ്ടതല്ലെ? മതവും മുതലാളിത്തവും തമ്മിൽ വളർന്നുവന്ന ഗാഢബന്ധത്തെ നാം വേണ്ടതുപോലെ വിശകലനം ചെയ്തിട്ടുണ്ടോ? മതം ഇന്ന് ഒരു ആത്മീയശക്തി എന്നതിൽ കവിഞ്ഞു ഒരു ഭൗതികശക്തിയായി മാറിക്കഴിഞ്ഞിട്ടുണ്ട്. ബൈബിളിൻേറയും ഖുറാനേറയും ഭഗവദ്ഗീതയുടെയും സന്ദേശം പരത്തുന്നതിലല്ല, അവയെ ഉപയോഗിച്ചു ധനാർജനം നടത്തുന്നതിലാണ് സംഘടിതമതങ്ങളും ഹിന്ദുമതത്തിലെതന്നെ മഠാധിപതികളും എല്ലാ മതങ്ങളിലേയും ആരാധനാലയങ്ങളും ശ്രദ്ധിക്കുന്നതു്. മതസ്ഥാപനങ്ങളുടെ സ്വത്തിലുണ്ടായ വർദ്ധനവ് ഭീതികരമാംവണ്ണം അധികമായിരിക്കുന്നു. എല്ലാ മതങ്ങൾക്കും സാർവദേശീയമായ ധനാഗമമാർഗങ്ങളുണ്ടായിരിക്കുന്നു. മുതലാളിത്തകുത്തകകളെപ്പോലെതന്നെ മതങ്ങളും കുത്തകകളായി വളർന്നിരിക്കുന്നു. പാൻഇസ്ലാമിസത്തിൻെറ പേരിൽ ഇസ്ലാംമതസ്ഥാപനങ്ങൾക്കും ക്രൈസ്തവസാഹോദര്യം, മനുഷ്യസ്നേഹപരത എന്നിവയുടെ പേരിൽ ക്രൈസ്തവമതസ്ഥാപനങ്ങൾക്കും, ആത്മീയതാപ്രചാരണത്തിൻെറ പേരിൽ ഹിന്ദുമതസ്ഥാപനങ്ങൾക്കും സംഘടനകൾക്കും മുതലാളിത്തരാജ്യങ്ങളിൽനിന്നും എണ്ണഉല്പാദനരാജ്യങ്ങളിൽനിന്നും ലഭ്യമാകുന്ന സാമ്പത്തികവരുമാനം ഇന്ത്യയുടെ സാമ്പത്തിക—രാഷ്ട്രീയജീവിതത്തിലും സാമൂഹ്യശക്തികളുടെ സമതുലിതാവസ്ഥയിലും വരുത്തുന്ന വമ്പിച്ച മാററങ്ങളെ മാർക്സിയൻസൈദ്ധാന്തികർ പഠിക്കേണ്ടതല്ലേ?

ഈ പണമൊക്കെ മതപ്രചാരണത്തിനുവേണ്ടിയാണ് ഉപയോഗിക്കുന്നതെന്ന് കരുതുന്ന ചില ശുദ്ധമനസ്കരുണ്ടാകാം. പക്ഷേ, മതശക്തികളുണ്ടാക്കുന്ന ഈ സാമ്പത്തികശക്തി നമ്മുടെ രാഷ്ട്രീയത്തിലും ജനാധിപത്യജീവിതത്തിലും തന്നെ അത്യന്തം ഭീകരവും പുരോഗമനജനാധിപത്യപ്രസ്ഥാനത്തിൻെറ മുന്നേററത്തെ തടയുന്നതുമായ ഒരു പങ്കു വഹിക്കുന്നുണ്ടെന്ന് രാഷ്ട്രീയത്തെ കാര്യമായി എടുക്കുന്നവരൊക്കെ മനസ്സിലാക്കിക്കാണും. അപ്പോൾ ഇന്നത്തെ കാലഘട്ടത്തിൽ മതത്തിന്നെതിരായ സമരം മതത്തെയുണ്ടാക്കിയ സാഹചര്യത്തിന്നെതിരായ സമരമെന്ന് യാന്ത്രികമായി പറഞ്ഞതുകൊണ്ടു കാര്യമില്ല. മുതലാളിത്തകുത്തകകൾക്കെതിരായി നടത്തുന്ന സമരത്തിൻെറ ഭാഗമായിക്കൂടി മതത്തിന്നെതിരായ സമരത്തെ കാണേണ്ടിയിരിക്കുന്നു. കാരണം മതശക്തികൾതന്നെ മുതലാളിത്ത ശക്തികളായി മാറിയിരിക്കുന്നു. സമ്പത്ത് അവർക്കു് ഉണ്ടാക്കിക്കൊടുത്ത സ്വാധീനം അവർക്കു് സാമ്പത്തികചൂഷണത്തിന് മാത്രമല്ല, സാംസ്കാരികമായ ചൂഷണത്തിനുകൂടി വിനിയോഗിക്കുന്നു; അതു കൂടുതൽ അപകടകരവുമാണ്.

കേരളത്തിലെ പ്രി—ഡിഗ്രിതല പാഠപുസ്തകങ്ങളിൽനിന്നു തങ്ങൾക്കിഷ്ടമില്ലാത്ത ഭാഗങ്ങളെ എടുത്തുകളയണമെന്ന ക്രൈസ്തവബിഷപ്പുമാരുടെ ആജ്ഞ അക്ഷരംപ്രതി നിർവഹിക്കുന്നതാണെന്നു കേരള നിയമസഭയിൽ വിദ്യാഭ്യാസമന്ത്രി പ്രഖ്യാപിച്ചപ്പോൾ നിയമസഭയിലെ പ്രതിപക്ഷംപോലും അതിന്നെതിരായി ശബ്ദം മുഴക്കിയില്ല എന്ന വസ്തുത പലരും ശ്രദ്ധിച്ചുകാണുകയില്ല. എന്തുകൊണ്ടാണ് ഇങ്ങനെ ഒരവസ്ഥയുണ്ടായതെന്നു നാം ആലോചിക്കേണ്ടതല്ലെ? വിദ്യാഭ്യാസം കേരളത്തെസംബന്ധിച്ചേടത്തോളം കോർപ്പറേററ് മാനേജ്മെൻറിൻെറ കൈവശമുള്ള കച്ചവടച്ചരക്കായി കഴിഞ്ഞിരിക്കുന്നു. ആദ്യത്തെ കമ്യൂണിസ്റ്റ്ഗവമ്മെണ്ടിൻെറ കാലത്തു് ആദർശപരതയുടെ ആധിക്യംകൊണ്ടുഒരു വിദ്യാഭ്യാസബില്ലു കൊണ്ടുവന്നു എന്നതു നേരുതന്നെ. പക്ഷെ, കമ്യൂണിസ്റ്റ്ഗവമ്മെണ്ടുകളടക്കം മാറി മാറി വന്ന എല്ലാ ഗവമ്മെണ്ടുകളും വിദ്യാഭ്യാസം കച്ചവടച്ചരക്കാക്കി മാററുന്ന കോർപ്പറേററ് മാനേജ്മെണ്ടുകളെ പ്രീണിപ്പിക്കുന്നതിൽ പരസ്പരം മത്സരിക്കുകയായിരുന്നു എന്നു തോന്നും അവരുടെ പ്രവൃത്തി കണ്ടാൽ! കമ്യൂണിസ്റ്റ്ഗവമ്മെണ്ട് ആദ്യം കൊണ്ടുവന്ന ഭൂപരിഷ്കരണബില്ലിൽ വെള്ളം ചേർക്കുന്ന നടപടികൾക്കു് പിന്നിലും ആരുടെ കൈകളാണ് പ്രവർത്തിച്ചിട്ടുള്ളതെന്നു പറയേണ്ടതുണ്ടോ?

കോൺഗ്രസിൻെറ അധികാരകുത്തകയെ പൊളിക്കുന്നതിന്നു ആരുമായും (ബി. ജെ. പി. കൂടി അടങ്ങുന്ന നാഷണൽ ഡമോക്രാററിക്ക് അലയൻസുമായിപ്പോലും) സഖ്യമാകാമെന്നു സ: നമ്പൂതിരിപ്പാടു് സമീപകാലത്തു പറഞ്ഞിട്ടുണ്ട്. (ഇന്ത്യൻ എക്സ്പ്രസ്, ആഗ: 21) (ബി. ജെ. പി. നേതാവായ വാജ്പേയി അതിന്നു തയ്യാറില്ലെന്നതു മറെറാരു കാര്യം. എങ്കിലും 'ധാരണ'ക്കു് വിരോധമില്ലെന്നു അദ്ദേഹവും സമ്മതിച്ചിട്ടുണ്ട്—ഇന്ത്യൻ എക്സ്പ്രസ്, ആഗ: 22) നിലവിലുള്ള ദേശീയസാഹചര്യത്തിൽ ഇതൊരു യഥാർത്ഥ്യമാകുമോ എന്നും ആകേണ്ടതുണ്ടോ എന്നും നിശ്ചയിക്കേണ്ടതു് മാർക്സിസ്റ്റുപാർട്ടിയും മററുമാണ്. അതിനെപ്പററി ഈ അവസരത്തിൽ എന്തെങ്കിലും പറയുവാൻ ഞാൻ മുതിരുന്നില്ല. ഒരു രാഷ്ട്രീയപാർട്ടിക്കു് അടവും തന്ത്രവും എന്ന പേരിൽ എന്തെല്ലാം ചെയ്യാമെന്നും എന്തൊക്കെ ചെയ്തുകൂടെന്നും നിശ്ചയിക്കേണ്ടതു് അവർ തന്നെയാണല്ലോ.

## അവസരവാദപരമായ കൂട്ടുകെട്ട്

പക്ഷെ, കേരളത്തിലെ ഐക്യമുന്നണി അനുഭവത്തെപ്പററിയുള്ള സ: നമ്പൂതിരിപ്പാടിൻെറ വിശകലനത്തെപ്പററി ഒരു വാക്കു് പറയാതിരിക്കുന്നതു് തെററായിരിക്കും. 1960—ൽ മുസ്ലിംലീഗിനെയും മററും ഉപയോഗിച്ചു കമ്യൂണിസ്റ്റ്പാർട്ടിയെ പരാജയപ്പെടുത്തുവാൻ കോൺഗ്രസ് തുനിഞ്ഞുവെന്നും അതിന്നു ബദലെന്നോണം 1965—ലും (തുടർന്നും) ഇത്തരം കക്ഷികളെ ഉപയോഗപ്പെടുത്തി മാർക്സിസ്റ്റ്പാർട്ടി കോൺഗ്രസിനെ തിരിച്ചടിച്ചുവെന്നും ഇതിൻെറയൊക്കെ ഫലമായി മുസ്ലിംഭൂരിപക്ഷപ്രദേശങ്ങളിലും ക്രൈസ്തവ ഭൂരിപക്ഷപ്രദേശങ്ങളിലും മാർക്സിസ്റ്റ്പാർട്ടിയുടെ സ്വാധീനം വളർന്നുവെന്നുമാണ് അദ്ദേഹം പറയുന്നതു്. (ചിന്ത, 1983 ജൂൺ 3) വാദത്തിന്നുവേണ്ടി ഇതു ശരിയാണെന്നു സമ്മതിച്ചാൽ തന്നെ, ഒരു മാർക്സിസ്റ്റ് എന്ന നിലയിൽ ഇതിനെ അദ്ദേഹം എങ്ങനെ സാധൂകരിക്കും എന്നു എനിക്കു് അറിഞ്ഞുകൂട. കാരണം കമ്യൂണിസ്റ്റ് പാർട്ടികളുടെ സ്വാധീനം വളരുന്നതും വളർത്തേണ്ടതും തെരഞ്ഞെടുപ്പുകളിൽകൂ

## യുക്തിരേഖ

| | |
|---|---|
| ഒററപ്രതി | 1–50 |
| വാർഷികം | 15–00 |
| ആയുഷ്കാലം | 150–00 |

(ആയുഷ്കാലം മൂന്നു തുല്യ ഗഡുക്കളായും അടക്കാം.)

### പരസ്യനിരക്ക്

| | |
|---|---|
| കവർ | 1000–00 |
| ഇൻസൈഡ് കവർ | 750–00 |
| ഫുൾപേജ് | 300–00 |
| അരപേജ് | 175–00 |
| കാൽപേജ് | 100–00 |

ടി നടത്തുന്ന അവസരവാദപരമായ കൂട്ടുകെട്ടുവഴിയാണോ? അടിസ്ഥനാവർഗങ്ങളുടെ സംഘടന കെട്ടിപ്പടുത്തും ബഹുജനങ്ങൾ പങ്കെടുക്കുന്ന സമരങ്ങൾ നടത്തിയും പ്രത്യയശാസ്ത്രപരമായി അവരെ ബോധവാന്മാരാക്കിയും ചെയ്യേണ്ട ഒരു കാര്യമല്ലേ, അത്? ഓരോ നിയോജകമണ്ഡലത്തിലും മുസ്ലിംലീഗിൻെറ വോട്ടിത്ര, കേരളകോൺഗ്രസിൻെറ വോട്ടിത്ര, മാർക്സിസ്റ്റ്പാർടിയുടെ വോട്ട് ഇത്ര എന്നു കണക്കുകൂട്ടി ജയപരാജയങ്ങൾ നിശ്ചയിക്കുന്ന പാർലമെൻററി തെരഞ്ഞെടുപ്പുസമ്പ്രദായമെവിടെ, ബഹുജനസമരങ്ങളിലൂടെയും സംഘടനകളിലൂടെയും വളരുന്ന കമ്യൂണിസ്റ്റ്പ്രസ്ഥാനത്തിൻെറ ശക്തി എവിടെ? ഇതു രണ്ടും ഒന്നാണെന്നോ, ഒന്നിനു പകരം വെക്കാവുന്ന മറെറാന്നാണെന്നോ, സ: നമ്പൂതിരിപ്പാടിന്ന് അഭിപ്രായമുണ്ടോ?

## ആരുടെ ശക്തിയാണ് വർധിച്ചത്?

അവസരവാദപരമായ കൂട്ടുകെട്ടുകളിലൂടെ കമ്യൂണിസ്റ്റ്പ്രസ്ഥാനത്തിൻെറ ശക്തി വർധിച്ചു എന്ന വാദവും സൂക്ഷ്മവിശകലനത്തിൽ നിലനില്ക്കുന്നതല്ല. കാരണം ശക്തി യഥാർഥത്തിൽ വർധിച്ചിട്ടുള്ളത് വർഗീയ—വിഭാഗീയ—പ്രാദേശിക കക്ഷികളുടെതാണെന്ന ഏതു കണ്ണുപൊട്ടനും മനസ്സിലാക്കാവുന്നതേയുള്ളൂ. തങ്ങൾക്ക നിയമസഭയിൽ കൂടുതൽ സീററുകൾ കിട്ടുവാനും മന്ത്രിസഭയിൽ സ്ഥാനം കിട്ടുവാനും ആരുമായും കൂട്ടുചേരാമെന്ന ഉപായം അവരിവിടെ വളരെ ഫലപ്രദമായി പ്രയോഗിച്ചിരിക്കുന്നു. ആരുമായും വിലപേശാനുള്ള കഴിവു അവർ സമ്പാദിച്ചിരിക്കുന്നു. നാളെ കോൺഗ്രസ് (ഐ) യുമായി കൂട്ടുചേർന്നാൽ ഫലമില്ലെന്നുതോന്നുന്നപക്ഷം അവർ സി പി ഐ (എം)യുമായി കൂട്ടുചേരും. കോൺഗ്രസ് (ഐ)യെ തോല്പിക്കുക എന്ന പൊതുആവശ്യത്തിൻെറ പേരിൽ സ: നമ്പൂതിരിപ്പാടുതന്നെ അവരെ സ്വാഗതം ചെയ്യുകയില്ല എന്നതിന്നും ഉറപ്പുമില്ല. (ബി ജെ പിക്ക് ദേശീയനിലവാരത്തിൽ ഇപ്പോൾ കൊടുത്ത പേർവെച്ചുനോക്കുമ്പോൾ ഇത്തരം ഒരു കൂട്ടുചേരലിന്നുള്ള സാധ്യത വർധിക്കുകയാണ് ചെയ്യുന്നതു്.) വർഗീയാടിസ്ഥാനത്തിൽ സംഘടിക്കുകയാണ് രാഷ്ട്രീയത്തിൽ പ്രവേശിക്കുവാനും രാഷ്ട്രീയമാന്യതനേടാനും മന്ത്രിസഭയിൽ സ്ഥാനംകിട്ടാനും ഉള്ള കുറുക്കുവഴി എന്നു ചില സമുദായങ്ങളുടെ തലപ്പത്തിരിക്കുന്ന നിക്ഷിപ്തതാല്പര്യക്കാർ ഇന്നു മനസ്സിലാക്കിക്കഴിഞ്ഞിട്ടുണ്ട്. ഏതു സാമുദായികസംഘടനയുടെ നേതാവും ഇന്ത്യയുടെ വിദേശങ്ങളിലെ അമ്പാസഡറോ, മറെറാരുസംസ്ഥാനത്തിലെ ഗവർണരോ ആകുന്നതു സ്വാഭാവികമായ സംഭവവികാസമായി ഇന്നു എല്ലാവരും ഗണിക്കാൻ തുടങ്ങിയിരിക്കുന്നു. എൻ ഡി പി, എസ് ആർ പി തുടങ്ങിയ പുതിയ പുതിയ രാഷ്ട്രീയകക്ഷികളുടെ ജനനം ഇതാണു കാണിക്കുന്നതു്. മാർക്സിസ്റ്റ് പാർടിയെയല്ല, മറിച്ച് മത–വർഗീയ ശക്തികളെയാണ് ഈ തന്ത്രം സഹായിച്ചിട്ടുള്ളത് എന്നതിന്ന വേറെ തെളിവ് ആവശ്യമുണ്ടോ? പാർലമെണ്ടറി ജനാധിപത്യത്തിൻെറ പേരിലുള്ള അവസരവാദപരമായ കൂട്ടുകെട്ട് മാർക്സിസത്തിൽ വെള്ളം ചേർക്കലായി 'ചിന്ത'യിലെ ചില ചോദ്യകർത്താക്കൾക്ക തോന്നിയതിൻെറ പശ്ചാത്തലം ഇതാവാം എന്നു ഞാൻ കരുതുന്നു.

## അനുയായികളുടെ എണ്ണംനോക്കിയാണോ കാര്യം നിശ്ചയിക്കുന്നത്?

മാർക്സിസ്റ്റ്പാർടിക്ക് ലക്ഷക്കണക്കിലനുയായികളുണ്ടെന്നും യുക്തിവാദിസംഘത്തിന്ന ആയിരക്കണക്കിലേ അനുയായികളുള്ളവെന്നും (ചിന്ത ജൂലായ് 29, 1983) മററും സ: നമ്പൂതിരിപ്പാടിനെപ്പോലെയുള്ള ഒരു സൈദ്ധാന്തികൻ വളരെ കാര്യമായി പറയുന്നതുകാണുമ്പോൾ വിഷമം തോന്നുന്നു. അനുയായികളുടെ എണ്ണം നോക്കിയാണ് രാഷ്ട്രീയമോ, തത്വചിന്താപരമോ, ആയ നയപരിപാടികളുടെ ശരിയും തെററും നിശ്ചയിക്കുന്നതെങ്കിൽ കോൺഗ്രസ് കൈക്കൊള്ളുന്ന നയപരിപാടികൾ ശരിയെന്നു പറയേണ്ടി വരില്ലെ. ഇന്ത്യയെ മൊത്തത്തിലെടുത്താൽ വിപുല തൊഴിലാളി വിഭാഗങ്ങൾപോലും കൂടുതൽ അണിനിരന്നിട്ടുള്ളത് കോൺഗ്രസിൻെറ കൊടിക്കീഴിലാണെന്നു കാണാം. അതുകൊണ്ട് കോൺഗ്രസ് ഒരു വിപ്ലവപാർടിയാകുമോ? കമ്യൂണിസ്റ്റ് പ്രസ്ഥാനത്തിനു ലക്ഷക്കണക്കിലല്ല, കോടിക്കണക്കിൽ അനുയായികളുണ്ടാവണം. അക്കാര്യത്തിൽ ഇതെഴുതുന്ന ആൾക്ക് വളരെ നിർബന്ധവുമുണ്ട്. പക്ഷെ അതിനുള്ള വഴി തെരഞ്ഞെടുപ്പുകളിലെ അവസരവാദപരമായ കൂട്ടുകെട്ടുകളാണെന്ന ധാരണ എനിക്കില്ല.

## നമ്പൂതിരിപ്പാടിൻെറ തെററിദ്ധാരണ

സ: നമ്പൂതിരിപ്പാട് യുക്തിവാദ സംബന്ധമായ ചോദ്യങ്ങൾക്ക നല്കുന്ന മറുപടികളിലെ ഏതാനും ചില പാകപ്പിഴകൾകൂടി ചൂണ്ടിക്കാണിച്ചുകൊണ്ട് ഈ ലേഖനം അവസാനിപ്പിക്കാം:

1) യുക്തിവാദം മാർക്സിസത്തെ പകരം വെക്കുന്ന ഒരു ചിന്താപദ്ധതിയാണെന്ന ധാരണ പരത്തുന്ന തരത്തിലാണ് അദ്ദേഹത്തിൻെറ മറുപടികൾ അധികവും. അതു ശരിയല്ല. മാർക്സിസം–ലെനിനിസത്തെ യുക്തിവാദത്തിന് പകരം വെക്കാനാവില്ല. യുക്തിവാദം ഒരു ചിന്താപദ്ധതിയാണ്. നിർമതത്വത്തിനും നിരീശ്വരവാദത്തിനും അതു കൂടുതൽ പ്രാധാന്യം നല്കുന്നു. യുക്തിവാദത്തിൻെറ ചരിത്രപരമായ വളർച്ച ആ രൂപത്തിലുള്ളതാണ്. ആശയവാദികളാണെന്ന വിശേഷിപ്പിക്കുന്ന യുക്തിവാദികൾ പോലും ഇന്ന് ഒരു സാമൂഹ്യ–സാമ്പത്തിക വിപ്ലവത്തിനെതിരല്ല. ഇന്ത്യയിലെ വിപ്ലവ പാർടികൾ വിപ്ലവത്തെ ഗൗരവമായി എടുത്തിട്ടില്ലെന്ന പരാതിയേ അവർക്കുള്ളു.

2) ഈശ്വരവിശ്വാസികളും മതവിശ്വാസികളുമായി കൂടിച്ചേർന്ന് പൊതുസമരങ്ങൾ നടത്തുന്നതിന് യുക്തിവാദികൾ എതിരാണെന്ന ധാരണയും സ: നമ്പൂതിരിപ്പാടിൻെറ മറുപടികളിൽ കാണാനുണ്ട്. ഇതും ശരിയല്ല. സാമൂഹ്യ പരിഷ്കരണ പ്രസ്ഥാനങ്ങളിൽ, ഇന്ത്യയിൽ ഒരു പൊതു സിവിൽ കോഡുണ്ടാക്കുന്ന കാര്യത്തിൽ, സ്ത്രീധനനിരോധനത്തിൻെറ കാര്യത്തിൽ, ജാതിനിർമാർജനത്തിനുള്ള പ്രചാരണത്തിൽ, മതസ്ഥാപനങ്ങൾ അവിഹിതമായ സ്വത്താർജിക്കുകയും ധനദുർവിനിയോഗം നടത്തുകയും ചെയ്യുന്ന കാര്യത്തിൽ അങ്ങനെ പല കാര്യങ്ങളിലും വിശ്വാസികളുമായി കൈകോർത്തു പിടിക്കുവാൻ യുക്തിവാദികൾ സന്നദ്ധരാണ്. ഇതു് വെറുതെ പറയുന്നതല്ല. കേരള യുക്തിവാദിസംഘത്തിൻെറ പരിപാടികളിൽ സാംസ്കാരിക രംഗത്തു ഒരു ഐക്യമുന്നണിയുണ്ടാക്കുക എന്നതു് യുക്തിവാദികളുടെ അടിയന്തര കടമയായി എടുത്തു പറഞ്ഞിട്ടുണ്ട്. ഇതു് ഏട്ടിൽ കിടക്കുന്ന പശുവുമല്ല. യുക്തിവാദിസംഘത്തിൻെറ തന്നെ പ്രചാരണ വേദിയിലും പ്രവർത്തന വേദിയിലും ഈ വക ആവശ്യങ്ങൾക്കു മത പുരോഹിതന്മാരും സന്യാസിമാരും അടക്കം എത്രയോ വിശ്വാസികൾ അണിനിരന്നിട്ടുണ്ട്. പക്ഷെ, സംഘത്തിൽ അംഗമാകുന്നത് നിർമതന്മാരെയും നിരീശ്വരന്മാരെയും മാത്രമായിരിക്കുമെന്ന നിബന്ധനയുമുണ്ട്.

3) മാർക്സിയൻ നിർവചന പ്രകാരമുള്ള അടിത്തറയും മേൽക്കൂരയും തമ്മിലുള്ള ബന്ധത്തെ സ: നമ്പൂതിരിപ്പാട് പലപ്പോഴും യാന്ത്രികമായിട്ടാണ് വ്യാഖ്യാനിക്കുന്നത്. അടിത്തറ മാറിയാലേ മേൽക്കൂര മാറൂ എന്നും, അടിത്തറ മാറിയാൽ മേൽക്കൂര സ്വയം മാറിക്കൊള്ളുമെന്നുള്ള ധാരണയാണ് ഈ മറുപടികൾ പലപ്പോഴും ഉണ്ടാക്കുന്നത്. ഇതു ശരിയല്ല. അടിത്തറയും മേൽക്കൂരയും പരസ്പരം ബന്ധപ്പെട്ടതാണ്. എന്നാൽ മനുഷ്യമനസ്സുമായി ബന്ധപ്പെട്ട 'ആത്മീയ'മെന്നു് വിളിക്കപ്പെടുന്ന കാര്യങ്ങളിൽ അടിത്തറയിലുള്ള മാററം സ്വയമേവ മേൽക്കൂരയിൽ പ്രതിഫലിച്ചുകൊള്ളേണമെന്നില്ല. സോഷ്യലിസം വന്നാൽപോലും വിശ്വാസപരമായ ആന്ധ്യം മാറിക്കൊള്ളണമെന്നില്ല. അതുകൊണ്ടാണ് നിരീശ്വരവാദ പ്രചാരണം നടത്താൻ ''ബൂർഷ്വാ യുക്തിവാദികളുടെ'' ഗ്രന്ഥങ്ങൾപോലും തർജമചെയ്തു വിപുലമായി പ്രചരിപ്പിക്കുവാൻ റഷ്യയിലെ കമ്യൂണിസ്റ്റുകാരോട് വിപ്ലവാനന്തരംതന്നെ ലെനിൻ ആവശ്യപ്പെട്ടത്. ബോധനവീകരണത്തിനുള്ള നിരന്തര ശ്രമം ആശയവാദികളുടെ ആശയംകൊണ്ട് ആശയത്തെ എതിർക്കുക എന്ന ചിന്താഗതിയായി സ: നമ്പൂതിരിപ്പാട് വ്യാഖ്യാനിച്ചത് ശരിയല്ല. ആശയവും ഒരു ഭൗതിക യാഥാർഥ്യമാണ്. പ്രത്യയശാസ്ത്രപരമായി ആയുധ

## മതസഹിഷ്ണുതയും മതസൗഹാർദവും

20–ാം പേജിലെ ബാക്കി

യമാണെന്നും അവയ്യൊന്നിനുംതന്നെ സാർവലൗകികവീക്ഷണമില്ലെന്നും മതപരമായ ബ്യൂറോക്രസികൾ എന്നെന്നും അസഹിഷ്ണുത പുലർത്തിപ്പോന്നിട്ടുണ്ടെന്നും, വിശ്വാസികൾ സത്യത്തിന്റെ ശത്രുക്കളാണെന്നും മാററും ചൂണ്ടിക്കാണിക്കുന്നു. ഈ അഭിപ്രായങ്ങൾ എല്ലാ മതങ്ങൾക്കും ബാധകമാകുന്നു. അങ്ങനെയാകുമ്പോൾ ഒരു മതവിശ്വാസിക്ക് എന്ത് സഹിഷ്ണുതയാണുണ്ടാകുക, മതങ്ങളുടെ നാടായ ഇവിടെ സഹിഷ്ണുതയെങ്ങനെയാണുണ്ടാവുക?

വേറൊരു തരത്തിൽ പറഞ്ഞാൽ ഓരോ മതത്തിന്റേയും മൗലികമായ സ്വഭാവം മറെറല്ലാ മതങ്ങളോടും അസഹിഷ്ണുത പുലർത്തുകയെന്നതാണ്. ആനിലക്ക് മതസഹിഷ്ണുതയെന്നത് തികച്ചും നിരർഥകമായ ഒരു മുദ്രാവാക്യമല്ലേ? അല്പമൊന്നു സ്വതന്ത്രമായി ചിന്തിക്കാൻ കഴിയുന്ന ഒരുവനു് മേല്പറഞ്ഞ കാര്യങ്ങളിൽനിന്നു് ഒരു സത്യം വ്യക്തമായിത്തന്നെ കാണാൻ കഴിയും. ഒരു മതവും സഹിഷ്ണുത കാണിക്കയില്ല, ഒരു മതവിശ്വാസിക്കും മററു മതങ്ങളോട്, ആ മതങ്ങളിൽ വിശ്വസിക്കുന്നവരോടൊ സഹിഷ്ണുതാമനോഭാവം പുലർത്താൽ സാധ്യമല്ല, എന്നു് നാം കാണുന്നു.

പിന്നെ ചിലർ അഭിനയിച്ചെന്നു വരാം, അതൊക്കെ തനി വഞ്ചനയാണ്. അതായത്തു് പല മതങ്ങളുമുള്ള രാഷ്ട്രങ്ങളിൽ, തങ്ങൾ സൗഹാർദമോ സഹിഷ്ണുതയോ കാണിക്കുന്നുവെന്നു ഭാവിക്കേണ്ടതു് ഒരു ആവശ്യമാണ്, അതു് ദൃഷിച്ച തന്ത്രമാണ്, തങ്ങളുടെ നിലനില്പിനും വളർച്ചക്കും തങ്ങളുടെ പരമമായ ലക്ഷ്യം നേടുന്നതിനുമുള്ള കൗശലമാണ്.

ഇപ്പറഞ്ഞതിൽനിന്നു് നമുക്ക് വ്യക്തമായി കാണാൻ കഴിയുന്ന ഒരു കാര്യമിതാണ്: മതങ്ങളുള്ളിടത്തോളം കാലം സഹിഷ്ണുതയുണ്ടാവുകയില്ല.

സമത്വത്തിലും സാഹോദര്യത്തിലും മതനിരപേക്ഷതയിലും അധിഷ്ഠിതമായ ഇന്ത്യ, ഈ ആദർശങ്ങളെ സാക്ഷാൽക്കരിക്കണമെങ്കിൽ ഭരണഘടനതന്നെ അനുശാസിക്കുന്നതുപോലെ ശാസ്ത്രീയ മനോഭാവവും മാനുഷികതയും വളർത്തണം. മതം മുതലായ വിഭാഗീയതകൾക്കതീതമായി സൗഹൃദവും പൊതുവായ സാഹോദര്യവും വളർത്തണം. അങ്ങനെ വളർത്താൻ തുനിയുന്നതിന്റെ ആദ്യപടി മതങ്ങളെ ഉപേക്ഷിക്കുകയെന്നതാണ്. അങ്ങനെ ഉപേക്ഷിക്കുമ്പോൾ മാത്രമാണ് മനുഷ്യനെ മനുഷ്യനായി, സഹോദരനായി, സമനായി കാണാൻ കഴിയുക. അപ്പോൾ സഹിഷ്ണുതയെന്നത് പ്രത്യേക പ്രസക്തിയില്ലാത്ത ഒരു വാക്കായി തീരും. എന്നാൽ, സഹിഷ്ണുതയ്ക്കു വേണ്ടിയുള്ള ആഹ്വാനം ഒരിക്കലും ഈ പ്രശ്നത്തിനു് ആത്യന്തികമായ പരിഹാരമുണ്ടാക്കുകയില്ല.

ഈ സന്ദർഭത്തിൽ നാമൊരു കാര്യം വ്യക്തമായി തന്നെ മനസ്സിലാക്കണം. ഇപ്പറഞ്ഞ മാററം കാതലായ മാററമാണ്. ശാസ്ത്രീയ മനോഭാവമെന്നത് യുക്തിവാദ മനോഭാവം എന്നതിന്റെ പര്യായം മാത്രമാണ്. മാനുഷികതയെന്നതും മതനിരപേക്ഷതയെന്നതും യുക്തിവാദം ആവിഷ്കരിച്ച സിദ്ധാന്തങ്ങളാണ്. മാനുഷികതയേയും മതനിരപേക്ഷതയേയും ഭരണഘടനയിൽ എഴുതിവെച്ചിട്ട് അവയെ നിത്യമെന്നോണം വ്യഭിചരിച്ചുപോരുന്ന നമ്മുടെ നാട്ടിൽ ഏതുകാലത്താണ് നന്മയുണ്ടാവുക?

### വർഗീയ സൗഹാർദമോ?

പിന്നെ വർഗീയ സൗഹാർദത്തിന്റെ കാര്യമാണെങ്കിൽ കേവലം സാമാന്യബുദ്ധിയുള്ള സാധാരണക്കാർക്കുതന്നെ അറിയുകയില്ലേ, വർഗീയത സൗഹാർദത്തിന്റെ ശത്രുവാണെന്നു്. വർഗം എന്നുവെച്ചാൽ മററു പലതിൽ നിന്നും വേർതിരിഞ്ഞു്, ചില പ്രത്യേക സ്വഭാവത്തോടെ നിലനില്ക്കുന്ന ഒരു വിഭാഗം, അല്ലെങ്കിൽ സംഘമാണെന്നു്; മതത്തിന്റെയോ ജാതിയുടെയോ അടിസ്ഥാനത്തിലുള്ള അല്ലെങ്കിൽ വേറെയേതെങ്കിലും കാര്യത്തിന്റെ അടിസ്ഥാനത്തിലുള്ള വർഗമാണെന്നു്. വർഗത്തിന്റെ പ്രത്യേക സ്വഭാവമാണ് വർഗീയത. വർഗങ്ങൾ എന്നു പറയുന്നവ ഉണ്ടായിരിക്കുന്നിടത്തോളം വർഗീയത ഹിമാലയ പർവതം പോലെ എഴുന്നുനിൽക്കുന്ന ഒരു വസ്തുതയായിരിക്കും. കക്ഷത്തിരിക്കുന്നതു വീഴാനും പാടില്ല, ഉത്തരത്തിലിരിക്കുന്നതെടുക്കുകയും വേണം എന്നുപറയുന്നതിലടങ്ങിയിരിക്കുന്ന അസാധ്യമായ അഭ്യാസമാണ് വർഗങ്ങളെ പ്രോത്സാഹിപ്പിച്ചുകൊണ്ട് സൗഹാർദ്ദം ഉപദേശിക്കുന്നതു്. സൗഹൃദ്ഭാവം ജനങ്ങൾക്കിടയിൽ ഉളവാകണമെന്നതു് നമ്മുടെ ഗവർമെണ്ട് ആത്മാർഥമായി അഭിലഷിക്കുന്ന കാര്യമാണെങ്കിൽ, ഇന്നു സൗഹാർദത്തിന്റെ പ്രവാചകന്മാരായി കിരീടമണിഞ്ഞു് എഴുന്നള്ളുന്നവർ ആഗ്രഹിക്കുന്നുവെങ്കിൽ. വർഗങ്ങളെ, മതം, മതവിഭാഗം, ജാതി, ഉപജാതി മുതലായവയെത്തകർക്കാൻ മുന്നോട്ടുവരണം. അതിനുള്ള സന്നദ്ധത കാണിക്കാതെ ചില മുദ്രാവാക്യങ്ങളെ അന്തരീക്ഷത്തിൽ ശബ്ദതരംഗങ്ങളാക്കി മാററിയെന്നുവെച്ച് ഇവിടെ ഒരു ചുക്കും സംഭവിക്കാൻ പോകുന്നില്ല.

ഇപ്പറഞ്ഞവയുടെ വെളിച്ചത്തിൽ നോക്കുമ്പോൾ ഇന്നത്തെ മതസഹിഷ്ണുതാവാദവും വർഗീയ സൗഹാർദതാവാദവും കല്ലുവെച്ച വിഡ്ഢിത്തമാണെന്നു കാണാൻ കഴിയും. ആത്മാർഥത തൊട്ടുതീണ്ടിയിട്ടില്ലാത്ത ഒരു കബളിപ്പിക്കൽ പ്രസ്ഥാനമാണെന്നും മനസ്സിലാകും. കേരളത്തെ ഇന്നു ഭരിക്കുന്നതു മതവും ജാതിയുമാണ്. മതത്തിന്റെയും ജാതിയുടെയും പേരിൽ രാഷ്ട്രീയകക്ഷികൾ പ്രവർത്തിക്കുന്ന നാട്ടിൽ, ഗവർമെണ്ട് അവയെ വളർത്താനാണ് അതിന്റെ പ്രവർത്തനങ്ങൾ ഉപയോഗിക്കുക. മനുഷ്യനെ, അവന്റെ മതത്തിലും ജാതിയിലും കൂടെയാണ് കാണുക. ഓരോ രാഷ്ട്രീയകക്ഷിയും മറെറല്ലാകക്ഷികളേയും തോല്പിക്കാനും നശിപ്പിക്കാനും ശ്രമിക്കുന്നു. മതവും ജാതിയും രാഷ്ട്രീയകക്ഷികളാകുമ്പോൾ അങ്ങനെ ചെയ്യാനുള്ള വാശിയും വ്യഗ്രതയും വർധിക്കുകയേയുള്ളൂ. അതാണിവിടെ സംഭവിച്ചുകൊണ്ടിരിക്കുന്നതു്.

യഥാർഥ ജനാധിപത്യം ഇവിടെയുണ്ടാകണമെന്നു് ആഗ്രഹിക്കുന്നവർ ഇവിടത്തെ മതങ്ങളേയും ജാതികളേയും—വർഗങ്ങളെ—സമൂലം നശിപ്പിക്കാനാണ് യത്നിക്കേണ്ടതു്. അല്ലാതെ മതസഹിഷ്ണുതയെന്നും വർഗീയസൗഹാർദമെന്നും പറയുന്ന മരീചികയുടെ പുറകേ പോകുകയല്ല വേണ്ടതു്.

> യുക്തിരേഖയിൽ വരുന്ന ലേഖനങ്ങളിൽ ലേഖകന്മാരുടെ അഭിപ്രായമാണ് പ്രതിഫലിക്കുക. അതു് സംഘത്തിന്റെ അഭിപ്രായമായിക്കൊള്ളണമെന്നില്ല.
>
> —പത്രാധിപർ.

---

മണിഞ്ഞുകൊണ്ടല്ലാതെ ബോധനവീകരണരംഗത്തു പ്രവർത്തിക്കുവാൻ സാധ്യമല്ല. ഇന്നു് അത് ഒരു അടിയന്തിര ആവശ്യമാണ്.

നമ്മുടെ സാംസ്കാരികരംഗത്തു പ്രചരിപ്പിക്കുന്ന പ്രതിലോമപരമായ ആശയങ്ങൾ അത്രയും അധഃപതിച്ചവയാണ്. ദേശീയ ജീവിതത്തെ അഴുക്കുചാലിലേക്ക് നയിക്കുകയും മനുഷ്യഹൃദയത്തിൽ ചുടലക്കളത്തിലെ ശവം വെന്തെരിയുന്ന വാസനയുളവാക്കുകയും ചെയ്യുന്ന ഈ സാഹചര്യത്തിൽ യുക്തിവാദികൾക്കും കമ്യൂണിസ്റ്റുകാർക്കും യോജിച്ചു പ്രവർത്തിക്കേണ്ട ഒരുപാട് രംഗങ്ങളുണ്ട്. ഈ രംഗങ്ങളിൽ കൂടിച്ചേരലിന്റേതായ ഒരു അന്തരീക്ഷം ഉണ്ടാക്കുവാൻ സ: ഇ. എം. എസ്. അദ്ദേഹത്തിന്റെ സ്വാധീനം വിധായകമായിത്തന്നെ പ്രയോഗിക്കേണമെന്നാണ് എനിക്കു അഭ്യർഥിക്കുവാനുള്ളത്.

# പാക്കിസ്ഥാനിലെ മൗലവിഭരണം

പാക്കിസ്ഥാനിൽ നടക്കുന്നതെന്താണെന്ന് തൊട്ടടുത്ത് കിടക്കുന്ന ഇന്ത്യയിലെ ജനങ്ങൾ ശരിക്ക് മനസ്സിലാക്കിയിട്ടുണ്ടെന്ന് തോന്നുന്നില്ല. പാക്കിസ്ഥാൻ പട്ടാളഭരണത്തിൻ കീഴിലാണെന്നാണ് പരക്കെ പറഞ്ഞുവരുന്നത്. ജനറൽ സിയാ പട്ടാളമേധാവി എന്ന നിലയിൽ പാക്കിസ്ഥാൻ ഭരിക്കുന്നു എന്ന അർത്ഥത്തിൽ മാത്രമെ ഈ പറച്ചിലിന്ന് അർത്ഥമുള്ളു. പട്ടാളത്തെക്കൊണ്ടോ, ജനറൽമാരെക്കൊണ്ടോ, പാക്കിസ്ഥാൻ ഭരിക്കുവാൻ കഴിയുകയില്ലെന്ന് ഇതിന്ന് മുമ്പു തന്നെ നിശ്ചയിക്കപ്പെട്ടതാണ്. അതുകൊണ്ടാണ് ജനറൽ സിയാ തന്നെ തന്റെ ഭരണം നിലനിർത്താൻ വേണ്ടി മറ്റൊരുപായം കണ്ടുപിടിച്ചത്.



ആ ഉപായം പാക്കിസ്ഥാൻ ഒരു ഇസ്ലാമികസ്റ്റേറ്റാണെന്ന് പ്രഖ്യാപിക്കുകയും ഇസ്ലാമിക നിയമങ്ങൾക്കനുസരിച്ചു ഭരണം നടത്തുകയുമാണ്. ഇസ്ലാമിക നിയമങ്ങളെന്താണെന്ന് പട്ടാള ജനറൽമാർക്ക് നിശ്ചയിക്കുവാൻ ആവില്ലല്ലോ. അത് നിശ്ചയിക്കേണ്ടത് മൗലവിമാരാണ്. അതുകൊണ്ട് മൗലവിമാരുടെ ഉപദേശമനുസരിച്ചുള്ള ഭരണമാണ് അവിടെ നടക്കുന്നത്. മൗലവിമാർ പല കാര്യങ്ങളിലും ഉപദേശം കൊടുത്തുതുടങ്ങിയിട്ടുണ്ട്. ഉപദേശങ്ങളിൽ ചിലതൊക്കെ നടപ്പാക്കിത്തുടങ്ങിയിട്ടുമുണ്ട്.

ഇസ്ലാമിക നിയമമനുസരിച്ചുള്ള ശിക്ഷാവിധികൾ മൗലവിമാരുടെ ശുപാർശയനുസരിച്ചാണ് നടപ്പാക്കിയിട്ടുള്ളത്. മോഷണം നടത്തിയവന്റെ കൈ വെട്ടുക, വ്യഭിചാരം നടത്തിയവനെ മുക്കാലിയിൽ കെട്ടി തല്ലുക (സ്ത്രീയാണെങ്കിൽ കല്ലെറിഞ്ഞു കൊല്ലുക), കൂടുതൽ 'വലിയ കുററം' ചെയ്യുന്നവരെ പരസ്യമായി വെടിവെച്ചു കൊല്ലുക തുടങ്ങിയ ശിക്ഷാവിധികൾ ഇക്കൂട്ടത്തിൽ പെടുന്നു. അതുപോലെ തന്നെ സക്കാത്തുപിരിവ് നികുതിയെന്നപോലെ, നിർബന്ധമായി നടത്തുക, മതവിദ്യാഭ്യാസം നിർബന്ധമാക്കുക, അതിന്നുവേണ്ടി പള്ളിക്കൂടങ്ങളിൽ മൗലവിമാരെ നിയമിക്കുക, അവരുടെ നിർദേശാനുസാരം പാഠപുസ്തകങ്ങൾ തയ്യാറാക്കുക, ഇസ്ലാമിന്റെ തത്വങ്ങൾക്ക് വിരുദ്ധമാണെന്ന് മൗലവിമാർ നിശ്ചയിക്കുന്ന പാഠങ്ങളും പാഠപുസ്തകങ്ങളും നിരോധിക്കുക, ഭരണത്തിന്റെ എല്ലാ പടവുകളിലും മൗലവിമാരെ ഉപദേശകന്മാരായി എടുക്കുക എന്നിങ്ങനെ മതത്തിന്റെ അടിസ്ഥാനത്തിൽ ഭരണം നടത്തുന്നതിന്നാവശ്യമായ നടപടികൾ നടന്നുകൊണ്ടേ ഇരിക്കുകയാണ്.

ഇതിന്റെ ഏററവും ഭീകരമായ ആഘാതമേൽക്കേണ്ടിവരുന്നത് പാക്കിസ്ഥാനിലെ സ്ത്രീകളാണ്. അവിടുത്തെ ജനസംഖ്യയിൽ പകുതിയിലധികം വരും സ്ത്രീകൾ. പെൺകുട്ടികൾ പൊതുജനങ്ങൾ കാൺകെ സ്പോർട്ട്സ് മത്സരങ്ങളിലേർപ്പെട്ടുകൂട എന്ന നിയമം നടപ്പിലാക്കിക്കഴിഞ്ഞു. അവരുടെ കാൽമുട്ടും കൈകാലുകളും പുരുഷന്മാർ കണ്ടുപോകുമെന്നതാണ് കാരണം. എന്നാൽ തങ്ങൾ കണങ്കാൽവരെ എത്തുന്ന സാൽവാറും കയ്യററം മൂടുന്ന കമ്മീസും ധരിച്ചു കളിക്കാമെന്ന് കോളേജ് വിദ്യാർത്ഥിനികൾ പറഞ്ഞു; വനിതാസംഘടനകളും. പക്ഷെ മൗലവിമാർ സമ്മതിച്ചില്ല. അതോടെ പെൺകുട്ടികളുടെ സ്പോർട്ട്സ് ഫലത്തിൽ ഇല്ലാതായി.

പക്ഷെ, ഇത് സ്ത്രീകളുടെ അവകാശത്തിന്നെതിരായ മൗലവിമാരുടെ കയ്യേററത്തിന്റെ തുടക്കംമാത്രമാണ്. പാക്കിസ്ഥാനിലെ മുസ്ലിംവനിതകൾ ഇന്ത്യയിലെ മുസ്ലിംവനിതകളേക്കാൾ മുമ്പേ തന്നെ വളരെ പുരോഗതി പ്രാപിച്ചവരായിരുന്നു, പരമ്പരാഗതമായിത്തന്നെ ഉടുപ്പിലും നടപ്പിലും അവർ സ്വാതന്ത്ര്യക

# പ്രതിമാസരേഖകൾ

-പവനൻ

ളായിരുന്നു. നമ്മുടെ നാട്ടിൽ, ഈ കേരളത്തിൽ തന്നെ, പലേടങ്ങളിലും മുസ്ലിം വനിതകൾ മൂടുപടമിട്ടേ പുറത്തിറങ്ങാറുള്ളു. എന്നാൽ പാക്കിസ്ഥാനിൽ ഈ സമ്പ്രദായം അപൂർവമാണ്. പെഷവാറിലും ലാഹോറിലും കറാച്ചിയിലും ഹൈദരാബാദ് .സിന്ധിലുമൊക്കെ, സ്ത്രീകൾ മൂടുപടമിടാതെയും പരിഷ്കൃത രീതിയിൽ വസ്ത്രം ധരിച്ചും പുറത്തിറങ്ങി സ്വൈരവിഹാരം ചെയ്യുന്നത് ഇന്ത്യ അവിഭക്തമായിരുന്ന കാലത്ത് അവിടങ്ങളിൽ താമസിക്കുകയും യാത്രചെയ്യുകയും ചെയ്തിരുന്ന ഈ ലേഖകൻ നേരിട്ട് കണ്ടിട്ടുള്ളതാണ്. ഏറിവന്നാൽ സാൽവാറിന്നും കമ്മീസിന്നുംപുറമെ ഒരു 'ദുപ്പട്ട' (മാറിൽകൂടി മേലോട്ട് മടക്കിയിടുന്ന വേഷ്ടി) കൂടി ധരിക്കുന്ന സമ്പ്രദായമേ അവർക്കുണ്ടായിരുന്നുള്ളു. ഇപ്പോൾ അതെല്ലാം മാറിത്തുടങ്ങിയിരിക്കുന്നു. മൂടുപടം ഇപ്പോഴും നിർബന്ധമായിക്കഴിഞ്ഞിട്ടില്ല. പക്ഷെ, അരക്കു മേലെ ആകെ മൂടുന്ന തരത്തിൽ പുതപ്പു ധരിച്ചേ സ്ത്രീകൾ പുറത്തിറങ്ങാവൂ എന്നത് നിർബന്ധമായിരിക്കുന്നു. അടുത്തപടി മൂടുപടമായിരിക്കുമെന്ന് പറയേണ്ടതില്ലല്ലൊ.



ഇതിനേക്കാൾ കടുത്ത നിയമങ്ങൾ സ്ത്രീകളെ കാത്തിരിക്കുകയാണ്. ഇസ്ലാമിക പ്രത്യയശാസ്ത്രത്തിനുള്ള പാക്കിസ്ഥാൻ കൗൺസിൽ(മൗലവിമാരുടെ സംഘടന) ഇതിന്നുവേണ്ടി ഒരു ചോദ്യാവലി തന്നെ തയ്യാറാക്കിയിരിക്കുന്നു. സ്ത്രീകൾക്ക് വോട്ടുചെയ്യാനവകാശമുണ്ടായിരിക്കേണമോ, അവകാശമുണ്ടായിരിക്കേണമെങ്കിൽ തന്നെ ഒരു സ്ത്രീയുടെ വോട്ട് പുരുഷന്റെ വോട്ടിന്ന് സമമായി കരുതേണമോ, സ്ത്രീക്ക് നഷ്ടപരിഹാരം നൽകേണ്ടിവരുമ്പോൾ പുരുഷന്ന് നൽകുന്നതിന്റെ പകുതിയുക കൊടുത്താൽ പോരെ, സ്ത്രീയെ കാറോടിക്കുവാൻ അനുവദിക്കാമോ, ഉന്നത വിദ്യാഭ്യാസത്തിന്റെ കാര്യത്തിൽ സ്ത്രീയെ പുരുഷന്മാരിൽ നിന്ന് അകററുംവിധം ഒരു പ്രത്യേക സർവകലാശാല തുടങ്ങേണ്ടതല്ലേ, വ്യഭിചരിക്കുന്ന സ്ത്രീക്കു മരണശിക്ഷ നൽകേണ്ടതില്ലേ (പുരുഷന്മാർക്ക് നൽകേണ്ടതില്ല) എന്നിങ്ങനെയുള്ള ചോദ്യങ്ങളാണ് ഉന്നയിക്കപ്പെട്ടിട്ടുള്ളത്.

കോടതികളിൽ സാക്ഷിവിസ്താരത്തിൽ ഒരു പുരുഷസാക്ഷിക്കുള്ള തെളിവിനെ നേരിടുവാൻ രണ്ട് സ്ത്രീസാക്ഷികളുണ്ടായിരിക്കേണമെന്ന നിർദേശം പ്രസിഡണ്ടിന്റെ ഒപ്പിനായി കാത്തുകിടക്കുകയാണ്.

ഈ അന്ധകാരാവൃതമായ നാട്ടിൽ ആശ്വാസംനൽകുന്ന ഒരു ഘടകമേയുള്ളു. അതു പാക്കിസ്ഥാനിലെതന്നെ സ്ത്രീകളുടെ സമരസന്നദ്ധതയും സംഘടനാസാമർത്ഥ്യവുമാണ്. മൗലവിമാരെയും സിയാ ഭരണത്തെത്തന്നെയും അവർ വെല്ലുവിളിക്കുന്നു. അനേകം വനിതാസംഘടനകൾ ഇതിന്നുവേണ്ടി ഒന്നിച്ചുചേർന്നിരിക്കുന്നു, കോടതികളിൽ സാക്ഷി പറയുന്നതിന്നു ഒരു പുരുഷന്നു സമം രണ്ടു സ്ത്രീകളാണെന്ന നിർദേശത്തിന്നെതിരെ ലാഹോർ ഹൈക്കോടതിയിൽ നിവേദനം സമർപ്പിക്കാൻ പോയ സ്ത്രീകളെ പൊലീസ് ലാത്തിച്ചാർജ്ജ്ചെയ്തു. സ്ത്രീപ്രകടനക്കാരുടെ രക്തം ലാഹോർ ഹൈക്കോടതിയുടെ മുമ്പാകെ തളംകെട്ടി. കഠിനമായ പരിക്കുപററിയ പതിമൂന്നു വനിതകളെ ഹോസ്പിററലിൽ കിടത്തേണ്ടിവന്നു. ഹരജി നൽകാൻ മാത്രം പോയ സ്ത്രീകളെ ഇങ്ങനെ മർദിച്ചതിന്നെതിരെ പൊതുജനാഭിപ്രായമുണർന്നു. ഒടുവിൽ ജനറൽ സിയാതന്നെ ഈ മർദനത്തിൽ ഖേദം പ്രകടിപ്പിച്ചു.

പാക്കിസ്ഥാനിലെ ഈ സ്ത്രീവിരുദ്ധ ഭരണവും നിയമങ്ങളും അവിടുത്തെ ജനാധിപത്യവിരുദ്ധമായ മതഭരണത്തിന്റെ ദുർന്നടപടികളുടെ ഒരു ചെറുഭാഗം മാത്രമാണ്. മതത്തിന്നു മനുഷ്യരെ ഒരുമിച്ചുനിർത്തുവാനാവില്ലെന്നും, ഒരേമതത്തിന്റെ അനുയായികൾക്കുപോലും മതാടിസ്ഥാനത്തിലുള്ള ഭരണത്തിൽ സംതൃപ്തരാകാൻ കഴിയുകയില്ലെന്നും തെളിയിക്കുന്ന സംഭവങ്ങളാണ് പാക്കിസ്ഥാനുണ്ടായ കാലംതൊട്ടു ഇതുവരെയും നടന്ന സംഭവങ്ങളെല്ലാം തെളിയിക്കുന്നത്.

പാക്കിസ്ഥാൻ രൂപീകരിച്ചപ്പോൾ കിഴക്കൻ ബംഗാൾ അതിന്റെ ഭാഗമായിരുന്നു. കിഴക്കൻ ബംഗാളിലും മുസ്ലിംകൾ തന്നെയാണ് അധിവസിച്ചിരുന്നത്. പക്ഷെ, അവരുടെ ഭാഷയും

സംസ്കാരവും വിഭിന്നമായിരുന്നു. അവർ സ്വന്തം ഭാഷയെയും സംസ്കാരത്തെയും രക്ഷിക്കുവാൻ വേണ്ടി പൊരുതി. അവസാനം ബംഗ്ലാദേശ് എന്ന ഒരു രാജ്യം തന്നെയുണ്ടാക്കി. ഇപ്പോൾ അതു പാക്കിസ്ഥാന്റെ ഭാഗമല്ലാതായിത്തീർന്നിരിക്കുന്നു!

ഈ കുറിപ്പുകൾ എഴുതുമ്പോൾ സിന്ധിൽ ജനാധിപത്യത്തിനുവേണ്ടിയുള്ള സമരം നടന്നുകൊണ്ടിരിക്കുകയാണ്. സിന്ധിലെ ജനങ്ങളേയും അവരുടെ ഭാഷയേയും സംസ്കാരത്തേയും പഞ്ചാബി ജനറൽമാർ അവഹേളിക്കുന്നു. സിന്ധിൽനിന്ന് ഉയർന്നുവന്ന പാക്കിസ്ഥാന്റെ ഭരണനേതൃത്വം ഏറെറടുത്ത സുൾഫീക്കർഅലി ഭൂട്ടോയെ പാകിസ്ഥാനിലെ പഞ്ചാബിജനറൽമാരുടെ ഭരണം തൂക്കിക്കൊന്നു. പാക്കിസ്ഥാനിലെ പട്ടാള നേതാക്കൾ മുഴുവൻ പഞ്ചാബികളാണ്; പൊലീസുദ്യോഗസ്ഥന്മാരും ഉയർന്ന സിവിൽ ഉദ്യോഗസ്ഥന്മാരും ഒക്കെ പഞ്ചാബികൾ. സിന്ധിലെയും ബലൂചിസ്ഥാനിലെയും വടക്കു–പടിഞ്ഞാറെ അതിർത്തി സംസ്ഥാനത്തിലെയും ജനങ്ങളെ അവർ അടിമകളായിട്ടാണ് കാണുന്നത്. ഈ സംസ്ഥാനത്തിലെ ജനങ്ങളും ഇസ്ലാംമതാനുയായികൾതന്നെ. പക്ഷെ, ഇവിടെ മതത്തിന്നു ജനങ്ങളെ കൂട്ടിചേർക്കാനാവുന്നില്ല. ഇസ്ലാം ആയതുകൊണ്ടും മൗലവിമാരാണ് ഭരിക്കുന്നത് എന്നതുകൊണ്ടും മാത്രം തങ്ങളുടെ താല്പര്യങ്ങൾ സംരക്ഷിക്കപ്പെടുമെന്നു സിന്ധിലെയും ബലൂചിസ്ഥാനിലെയും അതിർത്തിസംസ്ഥാനത്തിലെയും മുസ്ലീംകൾ കരുതുന്നില്ല.

പഞ്ചാബിൽതന്നെ അസ്വസ്ഥതകൾ പൊട്ടിപ്പുറപ്പെടുന്നുണ്ട്. ജനറൽ സിയ മറെറാരു പട്ടാള ഭരണാധികാരിയെ ഭരണം ഏല്പിക്കുമോ, അതല്ല, അദ്ദേഹത്തിന്നുശേഷം പാകിസ്ഥാനിലെ ജനങ്ങൾക്കു ജനാധിപത്യാവകാശങ്ങൾ അനുവദിച്ചുകിട്ടുമോ എന്നതേ പ്രശ്നമുള്ളു.

# നോബൽ സമ്മാനം സമാധാനത്തിന്നോ സംഘർഷത്തിന്നോ?

ആൽഫ്രെഡ്നൊബേലിന്റെ പ്രശസ്തമായ മരണപത്രത്തിൽ ഇങ്ങനെ എഴുതിയിരുന്നു:

'എന്റെ അവശേഷിക്കുന്ന സമ്പത്ത് ഒരു നിധിയായി മാററുകയും അതിൽനിന്ന് ലഭിക്കുന്ന പലിശ ഓരോ കൊല്ലവും അതിന് മുമ്പുള്ള കൊല്ലം മനുഷ്യരാശിക്കുവേണ്ടി ഏററവുമധികം നന്മ ചെയ്തവർക്കു് സമ്മാനങ്ങളായി നൽകുകയും ചെയ്യേണ്ടതാണ്. പലിശയായി കിട്ടുന്ന തുക തുല്യമായ അഞ്ചു വീതംവെച്ചു താഴെ പറയുന്ന തരത്തിൽ വിതരണം ചെയ്യേണ്ടതാണ്: ഒരു വീതം ഊർജതന്ത്രത്തിന്റെ മേഖലയിൽ ഏററവും പ്രധാനപ്പെട്ട കണ്ടുപിടുത്തമോ, കണ്ടെത്തലോ നടത്തിയ ആൾക്കു കൊടുക്കേണ്ടതാണ്; ഒരു വീതം രസതന്ത്രത്തിന്റേതായ മേഖലയിൽ ഏററവും പ്രധാനപ്പെട്ട കണ്ടുപിടുത്തമോ ഗുണപരമായ വ്യത്യാസമോ വരുത്തിയ ആൾക്കു കൊടുക്കേണ്ടതാണ്; ഒരു വീതം ശരീരശാസ്ത്രത്തിന്റെയോ ഔഷധശാസ്ത്രത്തിന്റെയോ രംഗങ്ങളിൽ ഏററവും പ്രധാനപ്പെട്ട കണ്ടുപിടുത്തം നടത്തിയ ആൾക്കായിരിക്കും; ഒരു വീതം സാഹിത്യത്തിൽ ഏററവും നല്ല കൃതി എഴുതിയ ആൾക്കായിരിക്കും; ഒരു വീതം മനുഷ്യസാഹോദര്യത്തിനുവേണ്ടി സായുധസൈന്യങ്ങളുടെ എണ്ണം കുറക്കുന്നതിനു വേണ്ടിയും ഏററവുമധികം പ്രവർത്തിച്ച ആൾക്കോ സംഘടനക്കോ ആയിരിക്കും. സമ്മാനങ്ങൾ നിശ്ചയിക്കുമ്പോൾ ഏതെങ്കിലും തരത്തിലുള്ള ദേശീയക്കൂറുകൾ പരിഗണിക്കുവാൻ പാടില്ലെന്നും അർഹതക്കുടുതൽ മാത്രമേ പരിഗണിക്കുവാൻ പാടുള്ളുവെന്നും ഞാൻ ആഗ്രഹിക്കുന്ന കാര്യം വ്യക്തമാക്കിക്കൊള്ളുന്നു.'

ആൽഫ്രഡ്നൊബേലിന്റെ ഈ ആഗ്രഹം സമ്മാനം നൽകപ്പെട്ട ആദ്യവർഷങ്ങളിൽ കുറച്ചൊക്കെ പാലിക്കപ്പെട്ടിരുന്നു. എന്നാൽ പിന്നീട്, പിന്നീട് ഈ മരണപത്രത്തിന്റെ തത്വങ്ങളെ പിച്ചിച്ചീന്തുന്ന തരത്തിലാണ് ഈ സമ്മാനങ്ങൾ അധികവും കൊടുത്തുപോന്നത്. ഇതുവരെയായും ഈ സമ്മാനങ്ങൾ കിട്ടിയവരുടെ എണ്ണം ഏതാണ്ട് അഞ്ഞൂറാണ്. അവരിൽ അധികം പേരും, നാനൂററിഅമ്പതോളം പേർ, പശ്ചിമയൂറോപ്പിലോ അമേരിക്കയിലോ ഉള്ളവരാണ് (അധികവും അമേരിക്കക്കാർതന്നെ). മനുഷ്യരാശിയുടെ മൂന്നിലൊന്ന് നിവസിക്കുന്ന മൂന്നാംലോകത്തിൽ ഈ സമ്മാനങ്ങൾ കിട്ടിയവരുടെ എണ്ണം വിരലിലെണ്ണാവുന്നതേയുള്ളു. ശാസ്ത്രരംഗത്ത് അതു നൽകപ്പെടുന്നതു അധികവും ചുരുക്കം ചില സൈദ്ധാന്തിക മേഖലകളിൽ വർത്തിക്കുന്നവർക്കാണ്. അവാർഡ് സമിതികൾ മററു ശാസ്ത്രമേഖലകളെയാകെ അവഗണിച്ചിരിക്കുന്നതായി വിമർശനമുണ്ട്. കണ്ടുപിടുത്തങ്ങളധികവും വ്യക്തികളല്ല, ശാസ്ത്രജ്ഞരുടെ സംഘങ്ങൾ ആണ് നടത്തുന്നത്. പല കണ്ടുപിടുത്തങ്ങളും പലരുടേയും കൂട്ടായ യത്നത്തിൽനിന്നുണ്ടാവുന്നതാണ്. സമ്മാനാർഹരെ നിർണ്ണയിക്കുമ്പോൾ ഈ വസ്തുത കണക്കിലെടുക്കുന്നില്ല. ശാസ്ത്രശാഖകളുടെ എണ്ണം കഴിഞ്ഞ നൂററാണ്ടിന്റെ അവസാനത്തിലുണ്ടായിരുന്നതിനേക്കാൾ വളരെയധികം വർധിച്ചിരിക്കുന്നു. ഈ വസ്തുതയും അവാർഡുനിർണയസമിതികളുടെ പരിഗണനക്കു വന്നതായിക്കാണുന്നില്ല. ആകെക്കൂടി അവർ സമ്മാനപരിഗണനക്കായി പുതുതായി കൂട്ടിച്ചേർത്തിട്ടുള്ളത് സാമ്പത്തികശാസ്ത്രത്തെ മാത്രമാണ്. ഏതു ശാസ്ത്രമായാലും ഏതു് സാഹിത്യമായാലും സമ്മാനം നൽകുന്നതു് അമേരിക്കക്കാർക്കോ കമ്യൂണിസ്റ്റ്‌വിരുദ്ധർക്കോ ആയിരിക്കണമെന്ന നിർബന്ധംതന്നെ അവർക്കുള്ളതായി തോന്നിപ്പോകുന്നു. അങ്ങനെയല്ലാതെ സമ്മാനം കിട്ടിയവരുടെ എണ്ണം സാഹിത്യത്തിന്റെ കാര്യത്തിൽ അമേരിക്ക കുറേയേറെ ദരിദ്രമാകയാൽ മററു നാടുകളിലേക്കുകൂടി കടക്കേണ്ടിവരുന്നു. അപ്പോഴും സാധ്യമായേടത്തോളം കമ്യൂണിസ്റ്റ്‌വിരുദ്ധരേയോ സോവിയററ് വിരോധികളേയോ തിരഞ്ഞുപിടിക്കുവാൻ അവർ ശ്രദ്ധിക്കാറുണ്ട്.

നൊബേൽസമ്മാനങ്ങളുടെ പൊതുസ്ഥിതി ഇങ്ങനെയാകുമ്പോൾ, സമാധാനത്തിനുള്ള നൊബേൽസമ്മാനാർഹരുടെ തെരഞ്ഞെടുപ്പ് കൂടുതൽ വഷളായതിൽ അത്ഭുതപ്പെടാനില്ല. 1801–ൽ ആദ്യത്തെ നൊബേൽസമ്മാനം റഡ്ക്രോസിന്റെ സ്ഥാപകനായ ജീൻഹെൻറിഡൂവാൻറിന്നു കൊടുത്തശേഷം കഴിഞ്ഞ എട്ടു ദശകങ്ങളിലായി ഈ സമ്മാനം ലഭിച്ച എൺപതിലധികം പേരിൽ ഒരു ഡസൻ ആളുകൾപോലും ഇതിന്നർഹരായിരുന്നില്ല എന്നു ഈയിടെ 'ഇന്ത്യൻ എക്സ്പ്രസ്സി' (24–10–83)ൽ ഇതേസംബന്ധിച്ച് വിസ്തരിച്ച പഠനം നടത്തിയ സുമർകൗൾ പറയുന്നു. അദ്ദേഹം ഇങ്ങനെ തുടരുന്നു: 'നോർവേജിയൻ പാർലമെണ്ട് തെരഞ്ഞെടുക്കുന്ന അഞ്ചംഗ നൊബേൽകമ്മററി അർഹരെ ഒഴിവാക്കുകയും അനർഹരെ പരിഗണിക്കുകയുംചെയ്യുക എന്ന കുററമാണ് കാണിച്ചിട്ടുള്ളത്.' ഗാന്ധിജിയും നെഹ്റുവും ബർട്രാൻറ്റസ്സലും ബ്രഷ്നേവുമൊക്കെ സമാധാനത്തിന്നുവേണ്ടി പാടുപെട്ടവരാണ്. മനുഷ്യസാഹോദര്യത്തിനുവേണ്ടി പ്രവർത്തിച്ചവരാണ്. പക്ഷേ അവർക്കാർക്കും ഈ സമ്മാനം നൽകിയില്ല. മനുഷ്യസാഹോദര്യത്തിനുവേണ്ടി ഗാന്ധിജി രക്തസാക്ഷിത്വംവരിച്ച 1948ൽ ഈ സമ്മാനത്തിന്നർഹനായ ഒരാളെപ്പോലും കണ്ടെത്താൻ കഴിയാതെ വന്നതുകൊണ്ട്(!) ആ വർഷം സമ്മാനംതന്നെ വേണ്ടെന്നുവെക്കുകയാണുണ്ടായത്!

ആൽഫ്രഡ് നൊബേൽ സ്വീഡൻകാരനായിരുന്നു. സമാധാന സമ്മാനമൊഴിച്ചുള്ള നൊബേൽ സമ്മാനങ്ങൾക്കു് അർഹരായവരെ തെരഞ്ഞെടുക്കുവാൻ സ്വീഡനിൽ തന്നെയുള്ള വിവിധ സമിതികളെയാണ് അദ്ദേഹം ചുമതലപ്പെടുത്തിയിട്ടുള്ളത്. എന്നാൽ സമാധാന സമ്മാനത്തിന്നർഹരായവരെ തെരഞ്ഞെടുക്കുവാൻ അദ്ദേഹം നോർവെയെയാണ് ചുമതലപ്പെടുത്തിയത്. നെബേൽ ജീവിച്ചിരുന്ന കാലത്ത് നോർവെ ലോകസമാധാനത്തിന്നുവേണ്ടി പ്രവർത്തിച്ച ഒരു രാജ്യമായതുകൊണ്ടാണ് അങ്ങനെ ചെയ്തതു്. എന്നാൽ ആധുനിക നോർവെയുടെ അധിപതികൾക്കു് സമാധാനത്തോടു് അത്ര താല്പര്യമൊന്നുമില്ല. അമേരിക്കയുടെ ആജ്ഞാനുവർത്തികളാണ്. അവർ അമേരിക്കൻ നേതൃത്വത്തിലുള്ള ഉത്തര അത്‌ലാന്തിക് സൈ